<u>പത്രക്കുറിപ്പ്</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലും ഇൻ്റർ സ്കൂൾ സെൻ്ററുകളിലും നടത്തുന്ന എം.എ, എം.എസ്.സി , എം.റ്റി.റ്റി.എം, എൽ.എൽ.എം, എം.എഡ്, എം.പി.ഇ.എസ്, എം.ബി.എ, എന്നീ പ്രോഗ്രാമുകളിലേയ്ക്കുള്ള 2024 വർഷത്തെ പ്രവേശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളുടെ പ്രവേശന പ്രക്രിയ, പ്രവേശന യോഗ്യത, പ്രോഗ്രാമുകൾ, സീറ്റുകളുടെ എണ്ണം, പ്രവേശന പരീക്ഷയുടെ ഷെഡ്യൂൾ തുടങ്ങിയ വിവരങ്ങൾക്കായി www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുള്ള വിജ്ഞാപനവും, പ്രോസ്പെക്ടസും കാണുക. **അവസാന സെമസ്റ്റർ ബിരുദ വിദ്യാർത്ഥികൾക്കും** അപേക്ഷിക്കാവുന്നതാണ്. എം.എഡ് പ്രോഗ്രാമിന് യോഗ്യത പരീക്ഷയുടെ അവസാന 2 സെമെസ്റ്ററുകളിലെ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അതാത് പഠനവകുപ്പുകൾ പ്രവേശനത്തിനായി നിഷ്കർഷിക്കുന്ന തീയതിക്കകം അപേക്ഷകർ യോഗ്യത നേടിയിരിക്കണം

ഓരോ പ്രോഗ്രാമിനും പൊതുവിഭാഗത്തിന് 1200 /- രൂപയും എസ്.സി/എസ്.റ്റി വിഭാഗത്തിന് 600/- രൂപയുമാണ് അപേക്ഷാ ഫീസ്. എം.ബി.എ പ്രോഗ്രാം ഒഴികെ മറ്റ് പ്രോഗ്രാമുകളിലേയ്ക്ക് www.cat.mgu.ac.in എന്ന വെബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

എം.ബി.എ പ്രോഗ്രാമിലേക്ക് സർവ്വകലാശാല പൊതു പ്രവേശന പരീക്ഷ നടത്തുന്നതല്ല. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി www.admission.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

**എൻട്രൻസ് പരീക്ഷ 17.05.2023, 18.05.2023** തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലുള്ള പരീക്ഷാ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്, ഫോൺ: 0481 27 33 595, ഇ.മെയിൽ: cat@mgu.ac.in

എ.ബി.എ. പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾക്ക്, ഫോൺ നമ്പർ: 0481-2733367, ഇ.മെയിൽ smbs@mgu.ac.in

AJITH KUMAR V
DEPUTY REGISTRAR I (ACADEMIC)

Draft #5 of File 11592/AC B6-4/2024/AC B 6 Approved by DEPUTY REGISTRAR I (ACADEMIC) on 17-Feb-2024 12:40 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം